# പിണറായിയുടെ 2017

## ഡി. ബാബു പോൾ

ഏതാണ്ട് ഒരു വർഷം മുൻപ് പിണറായി സർക്കാരിന് ഞാൻ എഴുപത് ശതമാനം മാർക്ക് നേടിയിരുന്നു. അന്ന് അടയാളപ്പെടുത്തിയ മിക്ക സംഗതികളിലും ശത്രുക്കൾ പറയുമ്പോലെ മോശമൊന്നുമായിട്ടില്ല സ്ഥിതി എന്നിരുന്നാലും ജനാധിപത്യത്തിൽ ഭരണാധികാരികളുടെ പുഞ്ചിരിയെക്കാൾ ഭരണീയരുടെ പുഞ്ചിരിയാണ് പ്രധാനം എന്നതിനാൽ 2017-ലെ പിണറായി സർക്കാരിന് ഒരു മാർക്ക് പോലും കൂടുതൽ നൽകാൻ കഴിയുന്നില്ല. മാറ്റം വേണം എന്ന് നിർബന്ധമാണെങ്കിൽ അഞ്ച് മാർക്ക് കുറയ്ക്കാം എന്ന് മാത്രം.

സെൻകുമാർ തൊട്ട് തുടങ്ങാം. സെൻകുമാറിന്റെ പ്രാഗത്ഭ്യത്തിന് എന്റെ സാക്ഷ്യപത്രം വേണ്ട. അതേ സമയം സെൻകുമാറിനെ വച്ചുകൊണ്ട് മുന്നോട്ട് പോകാൻ മുഖ്യമന്ത്രിക്ക് പ്രയാസം തോന്നിയാൽ ഒരു പുതിയ ഡി.ജി.പി. വേണം എന്ന് ചിന്തിക്കുന്നതിൽ തെറ്റുണ്ടെന്ന് പറയാനാവുകയുമില്ല. വിശേഷിച്ചും പകരം കണ്ടെത്തിയത് ലോകനാഥ ബെഹറയെ പോലെ പ്രഗത്ഭനായ ഒരാളെ ആവുമ്പോൾ.

സെൻകുമാറിനെ മാറ്റി. സെൻകുമാർ കേസിനു പോയി. സെൻകുമാർ ജയിച്ചു. സെൻകുമാർ കസേരയിൽ ഇരുന്നു. മൂന്ന് തലങ്ങളിലാണ് കേസ് നടന്നത്. അതിൽ ഏറ്റവും ഉയർന്നതലത്തിൽ സെൻകുമാർ ജയിച്ചു. മറിച്ചും ആകാമായിരുന്നു. അതുകൊണ്ട് ഇത് പിണറായിക്കേറ്റ പ്രഹരം ആയി കാണേണ്ടതില്ല.

ലല്ലുവിനെയും ജയലളിതയേയും മറ്റും പോലെ ഉള്ള മുഖ്യമന്ത്രിമാരിൽ നിന്ന് സർവ്വീസിനെ രക്ഷിച്ചുനിർത്താൻ കേന്ദ്രസർക്കാർ ഉണ്ടാക്കിയതാണ് ചീഫ് സെക്രട്ടറി/ഡി.ജി.പി. തലത്തിൽ നാലോ ആറോ പേർ ഉള്ള പ്ലാറ്റ്ഫോം. ചീഫ് സെക്രട്ടറി തലത്തിൽ ഉള്ളവരെല്ലാം സെക്രട്ടറിയേറ്റിൽ ആയിരിക്കും. അതുകൊണ്ട് അവരെയൊക്കെ അഡീഷണൽ ചീഫ് സെക്രട്ടറി എന്നേ വിളിക്കാവൂ. എന്നുവച്ച് അവരിൽ ഏറ്റവും ഇളയ ആൾക്കും ചീഫ് സെക്രട്ടറി ആകാം. കേരളത്തിൽ അത് സംഭവിക്കാറില്ല. കരുണാകരൻ മൂന്ന് പേരെ മറികടന്ന് നാലാമനെ ചീഫ് സെക്രട്ടറി ആക്കിയത് മാത്രം ആണ് അപവാദം. അന്നാകട്ടെ ഈ പ്ലാറ്റ്ഫോം പരിപാടി ഉണ്ടായിരുന്നുമില്ല.

ഡി.ജി.പി.യുടെ കാര്യത്തിൽ അതല്ല സ്ഥിതി. ഐ.എം.ജി.യിൽ പോയാലും മാധ്യമങ്ങൾ ഡി.ജി.പി. എന്നേ പറയൂ. ഒരിക്കലും പോലീസ് ആസ്ഥാനത്ത് ഡി.ജി.പി.യുടെ കസേരയിൽ ആസനം പ്രതിഷ്ഠിച്ചിട്ടില്ലാത്തവരെയും പത്രങ്ങൾ മുൻ ഡി.ജി.പി. എന്നാണല്ലോ വിളിക്കുന്നത്. സെൻകുമാറിനെ മാറ്റിയത് പ്രശ്നമായത് അദ്ദേഹം ഡി.ജി.പി. ആയിരുന്നതുകൊണ്ടല്ല, എസ്.പി.സി. ആയിരുന്നതിനാലാണ്. എസ്.പി.സി. സമം സ്റ്റേറ്റ് പോലീസ് ചീഫ് ഡിജിപിയുടെ പ്ലാറ്റ്ഫോമിൽ ഉള്ള ആരെയും എസ്.പി.സി. ആയി നിയമിക്കാം. നിയമിച്ചുകഴിഞ്ഞാൽ പിന്നെ മാറ്റാൻ രാഷ്ട്രീയ തീരുമാനം മാത്രം പോരാ. ഉറങ്ങാൻ കള്ള് വേറെ വേണം എന്ന് പറയുമ്പോലെ. അവിടെ നളിനി നെറ്റോ പ്രയോഗിച്ച ബുദ്ധി സുപ്രീംകോടതി അംഗീകരിച്ചില്ല. 2ജി കേസിൽ ജില്ലാ ജഡ്ജയുടെ ഉത്തരവ് മേൽക്കോടതികൾ അംഗീകരിക്കണമെന്നില്ലല്ലോ. അതായത് സെൻകുമാർ ജയിച്ചു, പിണറായി (= നളിനി) തോറ്റു എന്നൊന്നും പറയാനില്ല.

എന്നാൽ ഒരു ഭരണപരാജയം അവിടെ കാണാം. സെൻകുമാർ കേസിന് പോകും എന്നും സെൻകുമാറിനും വാദിക്കാൻ പോന്ന - ആർഗ്യുവബിൾ എന്ന് സായിപ്പ്- ഒരു കേസ് ഉണ്ട് എന്നും നളിനി അറിഞ്ഞില്ലെങ്കിലും പിണറായി അറിയണമായിരുന്നു. സെൻകുമാറിനെ വിളിച്ചുവരുത്തി

സംസാരിക്കണമായിരുന്നു. അങ്ങനെ ഒരു സംഭാഷണത്തിന്റെ ഒടുവിൽ അവധിയിൽ പോകാമെന്ന് സെൻകുമാറോ സെൻകുമാറിനെ സഹിക്കാമെന്ന് മുഖ്യമന്ത്രിയോ സമ്മതിക്കുമായിരുന്നു. ഇനി അഥവാ അത് നടന്നില്ലെങ്കിൽ തന്നെ വിളിച്ചാൽ വിളി കേൾക്കുന്ന ഏതെങ്കിലും തച്ചങ്കരിയെ വച്ച് അന്നുതന്നെ സെൻകുമാറിന്റെ ചിറകുകൾ അരിയാമായിരുന്നു. തച്ചങ്കരി നയകോവിദനും തന്ത്ര ശാലിയും ആയിരുന്നെങ്കിൽ ഇരുചെവിയറിയാതെ കാര്യം നടക്കുമായിരുന്നു. കരുണാകരൻ ആ കളി കളിച്ചിട്ടുണ്ട്. പേരുകൾ ഞാൻ പറയുന്നില്ല. എന്റെ തലമുറയ്ക്ക് ഓർമ്മയിൽ തെളിയുന്നു ണ്ടാവും ഇപ്പോൾ!

ജേക്കബ് തോമസി കൈകാര്യം ചെയ്തതിലും ഈ അനവധാനത കാണാം. ഇപ്പോൾ സസ്പെൻഡ് ചെയ്തതിലല്ല സസ്പെൻഷന്റെ സമയം നിശ്ചയിക്കാനുള്ള അവകാശം ജേക്കബ് തോമസിന് വിട്ടുകൊടുക്കരുതായിരുന്നു. കരുണാകരൻ, ആന്റണി, ഉമ്മൻചാണ്ടി എന്നീ യു.ഡി. എഫ് മുഖ്യമന്ത്രിമാരും നായനാർ, അച്യുതാനന്ദൻ എന്നീ ഇ.ജ.മു. മുഖ്യമന്ത്രിമാരും ഒരുപോലെ പൊതുധാരാ ജോലികൾക്ക് അയോഗ്യൻ എന്ന് കണ്ട ഒരാളെ പൂവിട്ടുപൂജിക്കാൻ നിശ്ചയിച്ചിടം തൊട്ട് പിണറായിയുടെ ഭരണപരാജയം കാണാതെ വയ്യ. ഐ.എ.എസ്. - ഐ.പി.എസ്. പോര് എന്നൊക്കെ മാധ്യമങ്ങൾ വിവരിച്ച സാഹചര്യങ്ങളൊക്കെ പിണറായിയുടെ ഈ ഒരൊറ്റ അബദ്ധ ത്തിന്റെ ബാക്കിയാണ്.

ഓഖി ദുരന്തം നേരിട്ടതിൽ വീഴ്ച ഉണ്ടായത് ജനങ്ങളെ വിശ്വാസത്തിൽ എടുക്കാതിരുന്നാ ണ്. ശ്രീലങ്കയുടെ തെക്കുകിഴക്ക് എവിടെയോ ന്യൂനമർദ്ദം ഉണ്ടായാൽ ഒരു ജാഗ്രതാ മുന്നറിയിപ്പ് നൽകാനല്ലാതെ മറ്റൊന്നും സാധ്യമായിരുന്നില്ല. നേരെ പടിഞ്ഞാറോട്ട് കടലിന് മുകളിലൂടെ പോകും എന്ന് പ്രവചിക്കപ്പെട്ടിരുന്ന കാറ്റ് അനുസരണം ഇല്ലാത്ത കുട്ടിയെ പോലെ വടക്കോട്ട് തിരിഞ്ഞ് നാശം വിതച്ചതിനും പിണറായി ഉത്തരവാദിയല്ല. എന്നാൽ മുഖ്യമന്ത്രി ദൂരദർശനും ആകാശവാ ണിയും മറ്റും വഴി ജനങ്ങളെ അഭിസംബോധന ചെയ്ത് ധൈര്യപ്പെടുത്തണമായിരുന്നു. അവർക്കൊ പ്പമുണ്ട് എന്ന് അവരെ ബോധ്യപ്പെടുത്തണമായിരുന്നു. നിർമ്മലാ സീതാരാമൻ വിജയിച്ചത് അവി ടെയാണ്.

ഇങ്ങനെ ഒഴിവാക്കാമായിരുന്ന പല അബദ്ധങ്ങളും പിണറായിക്കെതിരെ ഓർത്തെടുക്കു വാൻ ബാക്കിയാണ്. ഐ.എ.എസ്. കാരും സി.പി.ഐ മന്ത്രിമാരും സമരപഥത്തിലെത്തിയത് അവ രുടെ അവിവേകം തന്നെ ആണെങ്കിലും അതിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ കാലെകൂട്ടി തിരിചച്ച ച്ചറിയാതിരുന്നതിന്റെ പാപഭാരം മുഖ്യമന്ത്രിയും കുറച്ചൊക്കെ ഏൽക്കാതെ വയ്യ.

എന്നാൽ പിണറായിക്ക് അഭിമാനം പകരുന്ന ഒരു നേട്ടം ഒരു ബ്രേക്കിന് ന്യൂസുകാരനും ഓരോ സംഭവത്തിലും സ്വന്തം ഇംപാക്ട് കാണുന്ന മാധ്യമക്കാരനും ശ്രദ്ധിച്ചുകാണുന്നില്ല. അത് വരൾച്ച നേരിടുന്നതിന് മുൻകൂറായി എടുത്ത നടപടികളാണ്.

2016-ൽ കാലവർഷം കുറവായിരുന്നു. അത് കണക്കിലെടുത്ത് സെപ്തംബറിൽ തന്നെ മുഖ്യമന്ത്രി ഇക്കാര്യം ശ്രദ്ധിച്ചിരുന്നു എന്നാണ് വകുപ്പുമന്ത്രിയിൽ നിന്ന് അറിയാൻ കഴിഞ്ഞത്. വാട്ടർ അതോറിട്ടിയിലെ ജീവനക്കാർ ആദ്യം തൊട്ട് ഉണർന്നു പ്രവർത്തിച്ചു. കേരളത്തിലെ എല്ലാ ജില്ലകളും വരൾച്ചബാധിതമായി പ്രഖ്യാപിച്ചിട്ടും കുടിവെള്ളക്കുറവ് രൂക്ഷമായി അനുഭവപ്പെടാ തിരുന്നത് അതിന്റെ തുടർച്ചയായി കാണണം. തൊട്ടതിനും പിടിച്ചതിനും സർക്കാരുദ്യോഗസ്ഥരെ പഴി പറയാൻ മത്സരിക്കുന്നവർ 2017 മാർച്ച് മാസത്തിന് മുൻപ് വാട്ടർ അതോറിട്ടി മുൻകൈയ്യെ ടുത്ത് നിർമ്മിച്ച 40 തടയണകൾ ശ്രദ്ധിച്ചതായി കാണുന്നില്ല. ഇറിഗേഷൻ, വൈദ്യുതി വകുപ്പുകൾ ഇക്കാര്യത്തിൽ എടുത്ത മുൻകരുതലുകളും പ്രശംസിക്കപ്പെടണം.

മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും ജാഗ്രത ഉദ്യോഗസ്ഥർക്ക് പ്രചോദനവും

പ്രോത്സാഹനവും ആയി. 24 X 7കൺട്രോൾ റൂമും ഡ്രൗട്ട് മാനേജ്മെന്റ് സെല്ലും എഞ്ചിനീയർമാരുടെ സക്രിയമായ വാട്സാപ്ഗ്രൂപ്പും ഒക്കെ കാര്യക്ഷമമായി പ്രവർത്തിച്ചത് ഒരു മാധ്യമവും അറിഞ്ഞില്ല. അല്ലെങ്കിൽ ശ്രദ്ധിച്ചില്ല. നാല്പത് കോടി രൂപയുടെ പരിപാടികളാണ് വരൾച്ചയെ പ്രതിരോധിക്കാൻ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കിയത്. രണ്ട് കോടി ലിറ്റർ വെള്ളം ആണ് ഇങ്ങനെ ലഭ്യമാക്കിയത്. കുളങ്ങളിലും പാറമടകളിലും ഉള്ള വെള്ളം ഉചിതസമയത്ത് ഉപയോഗിക്കാൻ ഏർപ്പാടാക്കിയതും പിണറായി സർക്കാരിന് പൊൻതൂവലായി.

തിരുവനന്തപുരത്ത് നടന്ന പ്രവർത്തനങ്ങൾ അറിഞ്ഞതിനെ തുടർന്നാണ് ഞാൻ ഇക്കാര്യം ശ്രദ്ധിച്ചത് എന്ന് ഇവിടെ പറഞ്ഞുകൊള്ളട്ടെ. വി. ജെ. കുര്യൻ, ടിങ്കുബിസ്വാൾ, ഷൈനമോൾ എന്നീ ഉദ്യോഗസ്ഥരുടെ കർമ്മകുശലതയാണ് പിണറായിക്കും മാത്യു ടി. തോമസിനു തുണയായത്.

പേപ്പാറയിലെ ജലനിരപ്പ് കുറഞ്ഞത് യഥാസമയം ശ്രദ്ധിച്ചതാണ് ഈ വിജയത്തിലേയ്ക്ക് നയിച്ചത്. ആദ്യം കുടിവെള്ളം നിയന്ത്രിച്ച് നഷ്ടപരിഹാരം തേടി. അത് പ്രതിഷേധത്തിനും മാധ്യമവിമർശനത്തിനും ഇടയാക്കി. അപ്പോൾ പണ്ട് നെയ്യാറിൽ നിന്ന് കരമനയാറ്റിലേക്ക് വെള്ളം എത്തിച്ച കഥ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയത് ആ വഴി ചിന്തിക്കാൻ വഴിയൊരുക്കി. പത്തുകോടി ലിറ്റർ വെള്ളം ആണ് ആറ് വിട്ട് ആറ് മാറേണ്ടത്. അതിനുള്ള പമ്പ് സെറ്റുകളും പൈപ്പുകളും മറ്റ് ഏർപ്പാടുകളും ഒരുക്കുക എളുപ്പമായിരുന്നില്ല. മുഖ്യമന്ത്രിയുടെ പ്രോത്സാഹനം, വകുപ്പുമന്ത്രി പ്രോട്ടോക്കോൾ മറന്നും ഉദ്യോഗസ്ഥരോട് തോൾ ചേർത്തത്, ഷൈനമോളുടെയും സഹപ്രവർത്തകരുടെയും കർമ്മ കുശലത. ഇഴ മൂന്നും ഒത്തുവന്നപ്പോൾ സമയനഷ്ടം കൂടാതെ തീരുമാനം എടുക്കുവാനും (വാട്ടർഅതോറിട്ടിയിലെ സകല ജീവനക്കാർക്കും ഈ പഴയ ചെയർമാന്റെ സലാം) രണ്ട് ദിവസത്തിനകം പണി തുടങ്ങുവാനും രണ്ടാഴ്ച കൊണ്ട് ആ പണി പൂർത്തിയാക്കുവാനും സർക്കാരിന് കഴിഞ്ഞു. സത്യത്തിൽ കോഴിക്കോട് ഐ.ഐ.എം. ഒരു കേസ് സ്റ്റഡി ആയി പഠനവിഷയം ആക്കേണ്ടതാണ് അധികമാരും ശ്രദ്ധിക്കാതെ അരങ്ങേറിയ കർമ്മ നൈപുണ്യത്തിന്റെ ഈ വീരഗാഥ.

ചുരുക്കിപ്പറഞ്ഞാൽ ഭരണരംഗത്ത് നേട്ടവും കോട്ടവും ഉണ്ടായിട്ടുണ്ട്. ഏത് സമൂഹത്തിലും കോട്ടങ്ങളാവും ആദ്യം ശ്രദ്ധിക്കപ്പെടുക. പോരെങ്കിൽ സബ് കളക്ടർക്ക് യഥാകാലം പ്രമോഷൻ കൊടുത്താൽ അത് വൈനിര്യാതനമായി ചിത്രീകരിക്കുന്ന പ്രവണതയും. അതുകൊണ്ട് പിണറായി സർക്കാർ പൂർണ്ണപരാജയമാണ് എന്ന് തോന്നാം. എന്നാൽ സൂക്ഷ്മമായി അപഗ്രഥിച്ചാൽ നേട്ടങ്ങളും ഉണ്ട് കാണാൻ. മൊത്തത്തിൽ നോക്കിയാൽ തരക്കേടില്ലാതെ ഭരണയന്ത്രം ഓടിയ വർഷം തന്നെ.

ബലിദാനികളുടെയോ രക്തസാക്ഷികളുടെയോ ഓഖിയിൽ ഉലഞ്ഞ തീരത്തിന്റെ മക്കളുടെയോ വേദനയ്ക്ക് മാർക്കിടുക വയ്യ. അവ ഉള്ള കാലത്തോളം ബാക്കി കാര്യങ്ങൾക്ക് മാർക്കിടുന്നതിൽ അർത്ഥവുമില്ല.

***********